# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 370 — 26.06.2013-ൽ മറുപടിക്ക്

## നവജാത ശിശു ചികിത്സാ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ :<br>,, ഹൈബി ഈഡൻ :<br>,, കെ. ശിവദാസൻ നായർ :<br>,, ലൂഡി ലൂയിസ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ ആശുപത്രികളിൽ നവജാതശിശു ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ 3 മെഡിക്കൽ കോളേജുകളിലും, 5 ജില്ലാ തല ആശുപത്രികളിലും, 4 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലും സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് (എസ്.എൻ.സി.യു) സജ്ജീകരിക്കുന്ന ജോലികൾ പൂർത്തികരിച്ചു. 47 താലൂക്ക് തല ആശുപത്രികളിൽ ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് (എൻ.ബി.എസ്.യു) സജ്ജീകരിക്കുന്ന ജോലികൾ അവസാന ഘട്ടങ്ങളിലാണ്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നവജാത ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും, നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും വേണ്ടിയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ശസ്ത്രക്രിയ, വെന്റിലേറ്റർ സംവിധാനം എന്നിവ ഒഴിച്ചുള്ള ചികിത്സകൾ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റിൽ ചെയ്യാനാകും. |
| (സി) സംസ്ഥാനത്തെ ശിശുമരണ നിരക്ക് കുറയ്ക്കാൻ എന്തെല്ലാം സൗകര്യങ്ങളും ചികിൽസകളുമാണ് ഈ കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (സി) <u>സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് (എസ്.എൻ.സി.യു)</u> :- നവജാത ശിശുക്കളുടെ ശരീര ഊഷ്മാവ് നിയന്ത്രിക്കാൻ വേണ്ടിയുള്ള ഓപ്പൺ കെയർ വാമറുകൾ, മഞ്ഞനിറം മാറ്റുന്നതിനു വേണ്ടിയുള്ള ഫോട്ടോതെറാപ്പി യൂണിറ്റുകൾ, ബ്ലഡ് പ്രഷർ, ഓക്സിജന്റെ അളവ് എന്നിവ അറിയുന്നതിനുള്ള ഇലക്ട്രോണിക് ബിപി അപ്പാരറ്റസ്, പൾസ് ഓക്സി മീറ്റർ, കൃത്യമായ അളവിൽ മരുന്നു നൽകാൻ വേണ്ടി |

(....2)

യുള്ള സിറിഞ്ച് പമ്പുകൾ, കൃത്രിമ ശ്വാസം നൽകുന്നതിനുള്ള ആംബു ബാഗുകൾ, ഓക്സിജൻ ലഭ്യമാക്കുന്നതിനുള്ള ഓക്സിജൻ കോൺസൻട്രേറ്റർ തുടങ്ങിയ ഉപകരണങ്ങളും, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, ജനറേറ്റർ തുടങ്ങിയ സജ്ജീകരണങ്ങളും സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റിൽ ഒരുക്കിയിട്ടുണ്ട്. ഗ്ലെയർ /റിഫ്ളക്ഷൻസ് ഇവയില്ലാത്ത പ്രകാശ സജ്ജീകരണം, ബാക്ടീരിയകളെ ചെറുക്കുന്ന ഫാൾസ് സീലിംഗ് എന്നിവ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രൈമറി, സെക്കന്ററി യൂണിറ്റുകൾ, ടയേജ്, വാഷിംഗ്, ഗൗണിംഗ്, മദേഴ്സ് ഫീഡിംഗ് റൂം, സ്റ്റോർ, യൂട്ടിലിറ്റി, നഴ്സസ് സ്റ്റേഷൻ മുതലായ സൗകര്യങ്ങളും സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റിൽ ഉണ്ട്.

<u>ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് (എൻ.ബി.എസ്.യു)</u> :- ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകളിൽ ഓപ്പൺ കെയർ വാമറുകൾ, ആംബു ബാഗുകൾ, സക്ഷൻ അപ്പാരറ്റസുകൾ, വെയിംഗ് മെഷീനുകൾ എന്നീ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡിലെയും, യുനിസെഫ് ഗൈഡ് ലൈനിലെയും മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത്. ജനന സമയത്ത് നവജാത ശിശുക്കൾക്ക് ജീവന് ഭീഷണിയായിട്ടുള്ള ഘടകങ്ങളായ

(എ) ജനനത്തോട് അനുബന്ധിച്ച ശ്വാസംമുട്ട്

(ബി) ശരീരത്തിലെ താപനില കുറഞ്ഞു പോകുന്നത്

(സി) ശരീരത്തിലെ ഊർജ്ജത്തിന്റെ അളവ് കുറയുന്നത്

(ഡി) അണുബാധ കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങൾ

എന്നിവയെ മുൻകൂട്ടി കണ്ടെത്തുകയും സമയോചിതമായി നടപടികൾ എടുത്തുകൊണ്ട് തടയാനുള്ള സൗകര്യങ്ങൾ ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇതിനാവശ്യമുള്ള പരിശീലനം ഈ

കേന്ദ്രത്തിലെ ഡോക്ടർമാർക്കും, സ്റ്റാഫുകൾക്കും നവജാത ശിശു സുരക്ഷ കാര്യക്രം (എൻ.എസ്.എസ്.കെ) അടക്കമുള്ള പല പദ്ധതികളിലൂടെ നൽകിയിട്ടുണ്ട്. മാത്രമല്ല ജനനത്തോട് കൂടി ഉണ്ടായ പ്രതിസന്ധികളെ തരണം ചെയ്ത ശേഷം ഈ ശിശുക്കളെ സംയോജിതമായ മുലയൂട്ടൽ, ക്രമീകരിച്ചുള്ള ഊഷ്മാവ് നൽകൽ, അണുബാധാ നിയന്ത്രണ നടപടികൾ എന്നിവയിലൂടെ സ്റ്റെബിലൈസ് ചെയ്യുന്നു.

റഫറൽ ആവശ്യം ഉണ്ടാകുന്ന ശിശുക്കളെ (ഹൈ റിസ്ക് ന്യൂബോൺ) കൃത്യമായ സമയത്ത് റഫർ ചെയ്യാനുള്ള മാർഗ്ഗരേഖകൾ, വീണ്ടും ചെക്കപ്പിനു വരുന്ന കുട്ടികൾക്കുള്ള ഫോളോ അപ്പ് സേവനങ്ങൾ, പ്രതിരോധ ചികിത്സാ സേവനങ്ങൾ എന്നിവയാണ് ഈ കേന്ദ്രത്തിലൂടെ ചെയ്ത് വരുന്നത്.

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിന് സഹകരിക്കുന്നത് : വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) 12 സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റുകൾ ടേൺ കീ കരാറിൽ പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ആണ് ഏറ്റെടുത്ത് നിർവ്വഹിച്ചത്. 520 ലക്ഷം രൂപയാണ് മതിപ്പ് ചെലവ്.

ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റിന്റെ സിവിൽ, ഇലക്ട്രിക്കൽ ജോലികൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ എഫ്.ഐ.റ്റി. (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) 142 ലക്ഷം രൂപ മതിപ്പ് ചെലവിൽ ഏറ്റെടുത്തു. 158 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന ജോലി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആണ് ഏറ്റെടുത്തിരിക്കുന്നത്.

സെക്ഷൻ ഓഫീസർ